# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3286 — 12.12.2014-ൽ മറുപടിയ്ക്ക്

**ബ്ലോക്ക് പഞ്ചായത്തുകളുടെ പുന:ക്രമീകരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | | ശ്രീ.കെ.സി.ജോസഫ് (ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളെ പുന:ക്രമീകരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | ബി) | നിയമസഭാ സാമാജികർക്ക് നിശ്ചിത എണ്ണം ബ്ലോക്ക് കേന്ദ്രീകരിച്ച് അവരുടെ പദ്ധതികളും ത്രിതല പഞ്ചായത്തിന്റെ പദ്ധതികളും ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ നിലവിലുള്ള നിയമസഭാ മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം ഒരു നിയോജകമണ്ഡലത്തിൽ ഒന്നോ അല്ലെങ്കിൽ രണ്ടോ എന്ന രീതിയിൽ പുന:ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി) | പ്രസ്തുത നടപടിയുമായി ബന്ധപ്പെട്ട് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; | സി) | ഈ വിഷയം വിശദമായി പഠിച്ച് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം പുന:ക്രമീകരിച്ച് ഉത്തരവ് ഇറക്കുവാൻ ആവശ്യമായ ശിപാർശ സമർപ്പിക്കുവാൻ 13.03.2014-ലെ (സാധാ) 756/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| ഡി) | ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ? | ഡി) | ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - നിയോജകമണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പുന:ക്രമീകരണത്തിനായി ശുപാർശ സമർപ്പിക്കുന്നതിന് കമ്മിറ്റി രൂപികരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

==================================================================

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

സ.ഉ. (സാധാ) നം. **756/2014**/തസ്വഭവ തിരുവനന്തപുരം, തീയതി, **13.03.2014**

==================================================================

**ഉത്തരവ്**

വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുവാനും അതുവഴി ഗ്രാമപ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും, സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ നിയമസഭാ നിയോജകമണ്ഡലങ്ങളും വികസന ബ്ലോക്കുകളും ഏകോപിച്ച് പ്രവർത്തിക്കുന്നത് ഉചിതമായിരിക്കുമെന്ന് വിലയിരുത്തപ്പെടുന്നു. നിയമസഭാ സാമാജികർക്ക് നിശ്ചിത എണ്ണം ബ്ലോക്ക് കേന്ദ്രീകരിച്ച് അവരുടെ പദ്ധതികളും ത്രിതല പഞ്ചായത്തിന്റെ പദ്ധതികളും ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ നിലവിലുള്ള നിയമസഭാ മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം ഒരു നിയോജകമണ്ഡലത്തിൽ ഒന്നോ അല്ലെങ്കിൽ രണ്ടോ എന്ന രീതിയിൽ പുന:ക്രമീകരിക്കേണ്ടതുണ്ട്.

ഈ രീതിയിൽ സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങളിലെ നിയോജകമണ്ഡലങ്ങൾ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം പുന:ക്രമീകരിച്ച് ഉത്തരവ് ഇറക്കുവാൻ ആവശ്യമായ ശിപാർശ സർക്കാരിന് നൽകുവാൻ താഴെപ്പറയുന്ന കമ്മിറ്റിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത കമ്മിറ്റി ഈ വിഷയം വിശദമായി പഠിച്ച് പഞ്ചായത്ത് രാജ് ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി 31.05.2013-ന് അകം ആവശ്യമായ റിപ്പോർട്ട് അനന്തര നടപടികൾക്കായി സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1 | ഡോ. രാജൻ ഖോബ്രഗഡെ IAS,<br>സെക്രട്ടറി,<br>തദ്ദേശ സ്വയം ഭരണ വകുപ്പ് | - | കൺവീനർ |
| 2 | ശ്രീ. എ. വി. അശോക് കുമാർ,<br>ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ,<br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സെൽ | - | അംഗം |
| 3 | ശ്രീ. എസ്. ഉണ്ണികൃഷ്ണൻ നായർ<br>ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ,<br>ഗ്രാമ വികസന കമ്മീഷണറേറ്റ് | - | അംഗം |

| | | | |
|---|---|---|---|
| 4 | ശ്രീ. ജോർജ്ജ് ജേക്കബ്<br>ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ & പ്രോജക്ട് ഡയറക്ടർ,<br>ദാരിദ്ര്യ നിർമ്മാർജന യൂണിറ്റ്, തിരുവനന്തപുരം | - | അംഗം |
| 5 | ശ്രീ. എസ്. പ്രസാദ്<br>ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ,<br>ഗ്രാമ വികസന കമ്മീഷണറേറ്റ് | - | അംഗം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം. ഷാഹുൽ ഹമീദ്**
ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഗ്രാമ വികസന കമ്മീഷണർ മുഖേനെ)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേനെ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളിലും പരസ്യപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ